കേരള സർക്കാർ

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

www.lfa.kerala.gov.in

# ചവറ ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-18

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.**

**e-mail:doklm.ksad@kerala.gov.in**

**(രജിസ്റ്റർചെയ്ത കൈപ്പറ്റുചീട്ടുസഹിതം)**

നം.കെ.എസ്.എ.കെ.എൽ.എം.പി-2 /83/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

തീയതി, 1.04.2019

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ചവറ ബ്ലോക്ക്പഞ്ചായത്ത്

സർ,

വിഷയം : ചവറ ബ്ലോക്ക് പഞ്ചായത്ത്-2017- 2018 സാമ്പത്തിക വർഷത്തെ ഓഡിറ്റ്റിപ്പോർട്ട് -സംബന്ധിച്ച്

************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾപ്രകാരം **ചവറ ബ്ലോക്ക്പഞ്ചായത്തിന്റെ** 2017-2018 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പുസഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗംകൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ

15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)എ.ഡി.സി, കൊല്ലം

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.എൽ.എം.പി-2 /83/2019 തീയതി:1.04.2019

**കൊല്ലം ജില്ലയിലെ ചവറ ബ്ലോക്കുപഞ്ചായത്തിന്റെ 2017- 2018 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം-വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ **ചവറ ബ്ലോക്കുപഞ്ചായത്തിന്റെ** 2017-2018 സാമ്പത്തികവർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ബ്ലോക്കുപഞ്ചായത്ത് 1.10.17 മുതൽ 25.11.18 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽനിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത്സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ജി.ബിനുകുമാർ, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 26-11-2018 മുതൽ 30-11-2018 വരെയും 3.12.18, 4.12.18 (2 മനുഷ്യദിനം) | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.അജി.കെ.എസ് | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.) |
| | ശ്രീമതി.പ്രീത.എസ്.എസ് | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.പത്മകുമാരി.എൽ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ജമീലാബീവി.എം | ഓഡിറ്റർ |

## (ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.കെ.തങ്കമണിപിള്ള | 1.4.2017 മുതൽ 31.3.2018 വരെ |
| സെക്രട്ടറി | ശ്രീ.ഡി.പ്രസന്നൻപിള്ള | 1.4.2017മുതൽ 31.3.2018 വരെ |

**നിർവ്വഹണ ഉദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| വെറ്ററിനറി സർജൻ | ഡോ.നാസർ | 01/04/17മുതൽ 31/10/17വരെ |
| | ഡോ.ജോൺ ലാലി | 01.11.17മുതൽ 21.11.17വരെ |
| | ഡോ.ഡി.വി.ബീന, | 22/11/17 മുതൽ 31/03/18 വരെ |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി ചവറ | ഡോ.അച്ചാമ്മ.എ.എസ്, | 01/04/17മുതൽ 31/03/18 വരെ |
| സിവിൽ സർജൻ CHC, തെക്കുംഭാഗം | ഡോ.സനിതാ | 01/04/17മുതൽ 01/07/17 വരെ |
| അസിസ്റ്റൻറ് സർജൻ | ഡോ.ജാസ്മിൻ റ്റി.ജേക്കബ് | 02/07/17മുതൽ 07/08/17 വരെ |
| സിവിൽ സർജൻ | ഡോ.സനിതാ | 07/08/17മുതൽ 23/12/17 വരെ |
| അസിസ്റ്റൻറ് സർജൻ | ഡോ.അനുപമ | 23/12/17 മുതൽ 08/01/18 വരെ |
| അസിസ്റ്റൻറ് സർജൻ | ഡോ.ജാസ്മിൻ റ്റി.ജേക്കബ് | 08/01/18മുതൽ 31/03/18 വരെ |
| മെഡിക്കൽ ഓഫീസർ, താലൂക്ക്ഹോസ്പിറ്റൽ, നീണ്ടകര | ഡോ.റുബൈദത്ത് | 01/04/17മുതൽ 31/03/18 വരെ |
| സി.ഡി.പി.ഒ | ശ്രീമതി.ഷീലസുരേന്ദ്രൻ | 1.4.17മുതൽ 20.08.17വരെ |
| | ശ്രീമതി.ഗിരിജകുമാരി.റ്റി.കെ | 21.08.17 മുതൽ 31.3.18 വരെ |
| ക്ഷീരവികസന ആഫീസർ | ശ്രീ.പ്രശാന്ത് ജി.എസ് | 01.04.17മുതൽ 31.03.18 വരെ |
| അസി. ഡയറക്ടർ അഗ്രിക്കൾച്ചർ | ശ്രീമതി.ജയ.വി | 01.04.17മുതൽ 30.05.17 FN വരെ |
| | ശ്രീ.പ്രശാന്ത്.സി | 31.05.17മുതൽ 23.6.17 FN വരെ |
| | ശ്രീമതി.തേജസ്വിഭായി.വി | 23.06.17 AN മുതൽ 15.08.17 FN വരെ |

| | | |
|---|---|---|
| | ശ്രീമതി.ജയ.വി | 15.08.17 AN മുതൽ 22.09.17 വരെ |
| | ശ്രീമതി.തേജസ്വിഭായി | 23.09.17 മുതൽ 31.03.18 വരെ |
| എസ്.സി.ഡി.ഒ | ശ്രീമതി.റീന തോമസ് | 1.4.17മുതൽ 31.3.18 വരെ |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ | ശ്രീമതി.ഷൈജ.ബി | 01.04.17 മുതൽ 30.07.2017വരെ |
| | ശ്രീമതി.മഞ്ജു.ആർ.ബി | 31.07.17 മുതൽ 31.03.18 വരെ |
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി.ശിഖ രവി | 1.04.17മുതൽ 31.03.18 വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഭാഗം-1 | ഖണ്ഡിക നം. |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം-2 | |
| 13 | സാംഖ്യ രസീതുകൾ അലസമായി ഉപയോഗിക്കുന്നു. | 2-1 |
| 14 | സബ്ട്രഷറിയുടെ വാടക ഈടാക്കുന്നതിന് നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ല. | 2-2 |
| 15 | രസീതുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. | 2-3 |
| | | |

| | | |
|---|---|---|
| | ഭാഗം-3 | |
| 16 | കവറിംഗ് സ്ലാബ് നിർമ്മാണം - അപാകത | 3-1 |
| 17 | സ്വകാര്യവ്യക്തിയുടെ സ്ഥലത്ത് മാത്രമായി ഓട നിർമ്മാണം നടത്തി. | 3-2 |
| 18 | കശുമാവിൻ ഗ്രാഫ്റ്റ് വിതരണം - പൂർണ്ണമായി ലഭ്യമാക്കി വിതരണം ചെയ്തില്ല. | 3-3 |
| 19 | ക്ഷീരസംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. | 3-4 |
| 20 | ക്ഷീരകർഷകർക്ക് കൈത്താങ്ങ് – ക്ഷീരസമൃദ്ധി-പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-5 |
| 21 | പച്ചക്കറി ഉൽപ്പാദനത്തിന് സ്ഥിരം സംവിധാനം-പദ്ധതി അവലോകനം | 3-6 |
| 22 | കൃഷി അസി.ഡയറക്ടർ നിർവ്വഹണോദ്യോഗസ്ഥനായ പദ്ധതികളുടെ സ്ഥലപരിശോധന സംബന്ധിച്ച്. | 3-7 |
| | ഭാഗം-4 | |
| 23 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 24 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 25 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 26 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 27 | സ്ഥിര നിക്ഷേപം | 4-5 |
| 28 | ഓഡിറ്റ് റിക്കവറി | 4-6 |
| 29 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 30 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 31 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 32 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| 33 | അനുബന്ധം-1<br>ഓഡിറ്റ് സാക്ഷ്യപത്രം 2017-18 | 1 |
| 33 | അനുബന്ധം-2<br>അനുബന്ധപത്രികകൾ | 2 |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

22.3.17 തീയതിയിലെ I(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.18 | 12/06/18 | - | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 22/06/18 | കെ.എസ്.എ.-കെ.എൽ.എം. പി2-1117/18 തീയതി, 30.06.18 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,38,68,481 |
| വരവ് | 7,15,49,532 |
| ആകെ | 9,54,18,013 |
| ചെലവ് | 8,27,01,068 |
| നീക്കിയിരിപ്പ് | 1,27,16,945 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | - | 3,29,39,099 | 3,29,39,099 | 2,81,39,839 | 47,99,260 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | - | 1,11,70,000 | 1,11,70,000 | 1,11,70,000 | - |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | - | 61,000 | 61,000 | 0 | 61,000 |
| മെയിന്റനൻസ് നോൺ റോഡ് | – | 61,73,158 | 61,73,158 | 43,91,213 | 17,81,945 |

| | | | | | | |
|---|---|---|---|---|---|---|
| (ACR പ്രകാരം | | | | | | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| Total Sanitation | | 11,09,368 | 46,445 | 11,55,813 | 8,695 | 11,47,118 |
| IAY admin | | 41,166 | 3,02,515 | 3,43,681 | 2,48,903 | 94,778 |
| IAY PMAY | | 1,03,00,273 | - | 10,03,00,273 | 9,05,79,847 | 97,20,426 |
| Nirmal Puraskar | | 17,68,646 | 56,296 | 18,24,942 | 4,14,000 | 14,10,942 |
| SGSY | | 55,640 | 49,830 | 1,05,470 | - | 1,05,470 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| SIGN -SHG | | 7,169 | 267 | 7,436 | - | 7,436 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ഗ്രാമപഞ്ചായത്ത് | - | 13,90,000 | 81,36,602 | 81,36,602 | - |
| | ജില്ലാ പഞ്ചായത്ത് | 63,92,071 | 49,94,798 | 1,13,86,869 | 1,08,22,972 | 5,63,897 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 40,66,927 | 35,93,506 | 76,60,433 | 81,32,957 | (-)4,72,524 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | -- | 1,66,40,293 | 1,66,40,293 | 1,64,85,293 | 1,55,000 |
| മറ്റിനം | | -- | -- | -- | -- | |
| Saksharatha | | 6,988 | 1,58,428 | 1,65,416 | 1,56,204 | 9,212 |
| Chavara CHC building fund | | 70,919 | 6,14,265 | 6,85,184 | 6,06,145 | 79,039 |
| SBT IAY Loan Account | | 49,314 | 1,837 | 51,151 | - | 51,151 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 97 | 6,08,63,587 | 86 | 4,37,01,052 | 9 | 9 | 88 % |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ-ഇല്ല

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | | 3,02,515 | 3,02,515 | 3,02,515 | 0 |

## 1-8 ക്ഷേമ പദ്ധതികൾ

ഇല്ല

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.11.18 ന് ഹെഡ് ക്ലാർക്ക് ശ്രീ. ശ്രീകുമാറിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ലായെന്ന് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

സാംഖ്യ രസീതുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല. വരവിനങ്ങളുടെ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കുറ്റമറ്റ രീതിയിൽ സൂക്ഷിക്കുന്നില്ല. വരവുകൾ ശരിയായ രീതിയിൽ അക്കൗണ്ട് ചെയ്യുന്നില്ല. വാടക കുടിശ്ശിക വരുത്തുന്നവരിൽനിന്ന് പിഴപ്പലിശ ഈടാക്കുന്നില്ല. ചെലവുകൾ അധികാരപ്പെടുത്തും പ്രകാരം വൗച്ചറുകൾ ചിട്ടയോടെ സൂക്ഷിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28.7.18 - 31.7.18 | 2017-18 | 16-1-19 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.1.14 - 27.1.14. | 2008-09 മുതൽ 2012-13. | 28-2-14. |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ ചുവടെപ്പറയുന്നവ പരിഹരിക്കുവാൻ അവശേഷിക്കുന്നു.

1.ബി.18-ൽ Advance to implementing Agencies – Deposit with Public Works Department-ൽ 5,60,000/-രൂപ കാണിച്ചിട്ടുണ്ട്. പക്ഷേ ടി തുകയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് 20.07.2017-ൽ തന്നെ ലഭ്യമായിട്ടുള്ളതാണ്. ടി തുക സാംഖ്യയിൽ ചെലവായി മാറ്റിയിട്ടില്ല.

2.ഡെപ്പോസിറ്റ് രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ബാലൻസിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

3.ഷെഡ്യൂൾ B-5 Secured Loan from Co-Bank -ൽ ലോൺ തുകയായി കാണിച്ചിരിക്കുന്നത് 19,64,785/-രൂപയാണ്. പക്ഷേ ബാങ്കിൽ നിന്നുള്ള ലോൺ സ്റ്റേറ്റ്മെന്റ് പ്രകാരം ബാലൻസ് നിൽക്കുന്ന തുക 19,62,849/-രൂപയാണ്. വ്യത്യാസം 1,936/-രൂപ.

## ഭാഗം -2

## വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 സാംഖ്യ രസീതുകൾ അലസമായി ഉപയോഗിക്കുന്നു.

സാംഖ്യാ രസീതുകളാണ് വരവ് സ്വീകരിക്കുന്നതിന് ഉപയോഗിക്കുന്നതെങ്കിലും ആയത് പ്രിന്റ് ചെയ്യാതെ മാന്വൽ രീതിയിലാണ് ഉപയോഗിക്കുന്നത്. അപാകത സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറിയ്ക്ക് പ്രിന്റർ തകരാറിലായത് കാരണമാണ് സാംഖ്യാരസീത് മാന്വൽ ആയി ഉപയോഗിച്ചതെന്ന് മറുപടി ലഭ്യമാക്കി. ആയത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. പ്രിന്റർ തകരാർ കാരണം സാംഖ്യ രസീത് ഉപയോഗിക്കാൻ പറ്റാതെ വരുന്ന സാഹചര്യം ഉണ്ടായാൽ ഡബിൾസൈഡഡ് കാർബൺ ഉപയോഗിച്ച് മാന്വൽ രസീത് ഉപയോഗിക്കുന്നതിനും അന്നേദിവസത്തെ കളക്ഷൻ 9-ൽ തുടങ്ങുന്ന ഹെഡിൽ ഇന്ററപ്റ്റഡ് രസീതായി സാംഖ്യയിൽ എൻട്രി വരുത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. സാംഖ്യാ രസീതുകളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആയതിനാൽ ഉപയോഗിച്ച രസീതുകളുടെ എണ്ണം, അവശേഷിക്കുന്ന രസീതുകളുടെ എണ്ണം എന്നിവ ബോധ്യപ്പെട്ടിട്ടില്ല. രസീതുകൾ ഗൗരവതരമായി കൈകാര്യം ചെയ്യേണ്ടതും അടിയന്തിരമായി സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം./തീയതി-2/29.11.18**

## 2-2 സബ്ട്രഷറിയുടെ വാടക ഈടാക്കുന്നതിന് നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ല.

ബ്ലോക്ക് പഞ്ചായത്ത് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സബ്ട്രഷറിയുടെ വാടക നാളിതുവരെയായി ഈടാക്കിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്ത് കെട്ടിടത്തിന്റെ രണ്ടുമുറികൾ 19.12.2005 ലെ 1V(1) നം. കമ്മിറ്റി തീരുമാന പ്രകാരം സബ് ട്രഷറി ആരംഭിക്കുന്നതിലേക്ക് വിട്ടുകൊടുക്കുന്നതിന് തീരുമാനിച്ചു. G.O(Rt)No.1195/06 ധന. തീ 21.02.2006 പ്രകാരം പ്രവർത്തനം തുടങ്ങിയ തീയതി മുതൽ 3 വർഷത്തേക്ക് വാടക ഇല്ലാതെയും, ആയതിന് ശേഷം P.W.D നിശ്ചയിക്കുന്ന നിരക്കിൽ വാടക നൽകിയും ഉപയോഗിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 16/03/2006ലാണ് താക്കോൽ കൈമാറിയിട്ടുള്ളത്. എന്നാൽ പ്രവർത്തനം തുടങ്ങി നാളിതുവരെയായിട്ടും വാടക ഈടാക്കി തുടങ്ങിയിട്ടില്ല. (മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിലും ഇത് സംബന്ധിച്ച് പരാമർശം ഉണ്ട്). കെട്ടിട വാടക നിശ്ചയിക്കുന്നതിന് സ്ഥലത്തിന്റെ ലാന്റ് വാല്യൂ സർട്ടിഫിക്കറ്റ് ലഭ്യമാക്കണമെന്ന് പി.ഡബ്ല്യ.ഡി അസിസ്റ്റൻറ് എഞ്ചിനീയർ (കത്ത്നം. D1-RF16/09 തീയതി, 18.6.09) ആവശ്യപ്പെട്ടിട്ടുണ്ട്. തഹസീൽദാരുമായി കത്തിടപാടുകൾ നടത്തിയിട്ടുണ്ടെങ്കിലും ലാന്റ് വാല്യൂ സർട്ടിഫിക്കറ്റ് നാളിതുവരെ ലഭ്യമാക്കി വാടക ഈടാക്കുന്നതിനുള്ള നടപടികൾ പഞ്ചായത്തിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് വാടക നിശ്ചയിക്കുന്നതിന് ലാന്റ് വാല്യൂ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനായി നിരവധി തവണ ജില്ലാകളക്ടർ ഉൾപ്പെടെയുള്ള റവന്യൂ

അധികാരികളുമായി രേഖാമൂലം നടപടികൾ സ്വീകരിച്ചിരുന്നുവെങ്കിലും മറുപടി ലഭ്യമായിട്ടില്ല എന്നും നിലവിൽ ട്രഷറി കെട്ടിടം പുതിയ സിവിൽ സ്റ്റേഷനിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയത്. ഇതേ മറുപടി തന്നെയാണ് മുൻവർഷ ഓഡിറ്റ് എൻക്വയറിയ്ക്കും ലഭ്യമാക്കിയിട്ടുള്ളത്. ആയതിനാൽ സബ്ട്രഷറിയുടെ വാടക ഈടാക്കുന്നതിൽ ബ്ലോക്ക് പഞ്ചായത്ത് ഊർജിത നടപടികൾ സ്വീകരിക്കുന്നില്ലെന്ന് വ്യക്തമാണ്. സിവിൽസ്റ്റേഷൻ കെട്ടിടത്തിലേക്ക് ട്രഷറി മാറ്റുന്നതിനു മുൻപു തന്നെ വാടക കുടിശ്ശിക സഹിതം ഈടാക്കുന്നതിനുള്ള അടിയന്തിരനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം./തീയതി-2/29.11.18**

## 2-3 രസീതുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

ഡേ ബുക്ക് പ്രകാരം വരവ് വന്നിരിക്കുന്ന ചുവടെ കൊടുത്തിരിക്കുന്ന നമ്പരുകളിലുള്ള സാംഖ്യാരസീതുകൾ പ്രകാരമുള്ള വരവു തുകകൾ ഒടുക്കിയിട്ടുണ്ടെങ്കിലും രസീതുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | രസീത് നം/തീയതി | തുക |
|---|---|---|
| 1 | 117080100022/1.2.18 | 4,592/- |
| 2 | 117080100047/27.3.18 | 6,500/- |

വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മേൽ രസീതുകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം./തീയതി-05/30.11.18**

## <u>ഭാഗം -3</u>

## <u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## 3-1 കവറിംഗ് സ്ലാബ് നിർമ്മാണം-അപാകത

കരാറുകാരൻ-ശ്രീ.സജീവൻ

ഫണ്ട്-വികസനഫണ്ട്

പ്രോജക്ട് നമ്പർ-80/17-18

എഗ്രിമെൻറ് നം-3/aee/lsgd/17-18, 6-12-17

ബിൽ നം-26/18, 2-3-18

തൊഴിലാളിമുക്ക് നോർത്ത് മുതൽനട്ടം വാതുക്കൽ-എന്ന പ്രവർത്തിയിൽ അപ്പെൻഡിക്സ്-എയിൽ നിലവിലുള്ള 131മീററർ, 7.5മീറ്റർ നീളമുള്ള ഓടകൾക്ക് കവറിംഗ് സ്ലാബ് ഇടുന്നതിനും അപ്പെൻഡിക്സ്-ബിയിൽ 21.5 മീറ്റർ ഓട നിർമ്മിച്ച്സ്ലാബ് ഇടുന്നതിനുമായി 5,25,000/-രൂപയുടെ എസ്ററിമേററ് തയ്യാറാക്കി. കരാർ നം-3/aee/lsgd/17-18, തീയതി, 6.12.17 പ്രകാരം എഗ്രിമെൻറ് വച്ചു.എം ബുക്ക് നം-5/17-18, 6/17-18 എന്നിവയുടെ പരിശോധനയിൽ അപ്പെൻഡിക്സ്-ബി പ്രകാരം 19.35 മീററർ ഓടയാണ് നിർമ്മിച്ചിട്ടുള്ളത്.

എന്നാൽ എസ്റ്റിമേറ്റ് അനുസരിച്ച് 21.5 മീററർ ഓടക്ക് ആവശ്യമായ 43 എണ്ണം സ്ലാബുകൾ നിർമ്മിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു.

എം-ബുക്ക്പ്രകാരമുള്ള എണ്ണം അളവ്

അളവ്-1:2:4 അനുപാതത്തിൽ 43 എണ്ണത്തിന്-43x1x0.5x 0.15=3.225$m^3$

തുക-3.225x7710.68/$m^3$=24866.9/-രൂപ

പ്രവൃത്തി ചെയ്ത അളവ്-19.35m=39എണ്ണം

യഥാർത്ഥ അളവ് 39, 39x1x0.5x0.15=2.925$m^3$

തുക-2.925x7710.68/$m^3$=22,553/-രൂപ

അധികം ചെലവഴിച്ചത്-24866.90-22553.70=2313.20

സ്ററീൽ റീ ഇംപേഴ്സ്മെൻറ് 43x5x0.95=204.25

204.25x0.888=181.374kg

43x7x0.45=135.45

135.45x0.617=83.57kg

ആകെ=181.374+83.57=264.94kg

264.94x69 limited to 241.875kg, 241.875x75.59=18283.33/-

പ്രവർത്തി ചെയ്ത അളവ് 39x5x0.95=185.25

=185.25x0.888=164.502kg

39x7x0.45=122.85

=122.85x0.617=75.79 kg

ആകെ=164.502+75.79=240.292 kg

240.292x75.79=18211.730

അധികം ചെലവഴിച്ച തുക =18283.33-18211.73=71.60

ആകെ അധികം ചെലവഴിച്ച തുക=2313.20+71.60=2385/-

മേൽ വിഷയം സംബന്ധിച്ച് നല്കിയ ഓഡിററ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ 2,385/-രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

**ഓഡിററ് എൻക്വയറിനം-11/17-18, 4-12-18**

# 3-2 സ്വകാര്യ വ്യക്തിയുടെ സ്ഥലത്ത് മാത്രമായി ഓട നിർമ്മാണം നടത്തി.

പ്രോജക്റ്റ് നം-95/18

ഫണ്ട്-പ്ലാൻഫണ്ട്

കരാറുകാരൻ- ശ്രീ.ഷിഹാബുദീൻ

എം-ബുക്ക്-10/17-18

ബിൽനം-27/17-18, 19-3-18.

പന്മന പഞ്ചായത്തിലെ മുല്ല മംഗലത്ത് പടിഞ്ഞാറുവശം മുതൽ നാഷണൽ ഹൈവേ വരെ ഓടയും കവറിംഗ് സ്ലാബും നിർമ്മാണം എന്ന പ്രവർത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ നിലവിലുള്ള 65 മീററർ നീളമുള്ള ഓടയ്ക്ക് കവറിംഗ് സ്ലാബ് നിർമ്മിക്കുന്നതിനും രണ്ടുമീററർ ഡാമേജ് വന്ന ഭാഗം ശരിയാക്കുന്നതിനും 65 നീളത്തിലുള്ള ഓടയുടെ തുടർച്ചയായി 200 മീററർ പുതിയ ഓടയും നിർമ്മിക്കുന്നതുമായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പുതിയ ഓടയുടെ 12 മീററർ ഭാഗം സ്വകാര്യ വ്യക്തിയുടെ സ്ഥലത്തു കൂടിയാണ് കടന്നു പോകുന്നത് എന്നും ടി സ്ഥലം സറണ്ടർ ചെയ്തിട്ടില്ലെന്നും സൂചിപ്പിച്ചിട്ടുണ്ട്.

എന്നാൽ നിലവിലുള്ള ഓടക്ക് സ്ലാബ് നിർമ്മിക്കുന്നതിനും പുതിയതായി 12 മീററർ മാത്രം ഓട നിർമ്മിച്ച് സ്ലാബ് ഇടുന്നതിനുമായി എസ്റ്റിമേറ്റ് തയ്യാറാക്കി നം-19/aee/lsgd/17-18, തീയതി, 18-12-17 പ്രകാരം കരാറുകാരനുമായി എഗ്രിമെൻറ് വച്ച് പ്രവർത്തി പൂർത്തിയാക്കിയിട്ടുണ്ട്. എംബുക്ക് നം-10/17-18-ലെ രേഖപ്പെടുത്തലുകൾ പ്രകാരം ആകെ 4,72,657/-രൂപ വർക്ക് മൂല്യം കണക്കാക്കി 4,63,203/-രൂപ കരാറുകാരന് നല്കി. എസ്റ്റിമേറ്റ് റിപ്പോട്ടിൽ നിന്നും വ്യത്യസ്തമായി സ്വകാര്യവ്യക്തിയുടെ സ്ഥലത്ത് മാത്രമായി ഓട നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയതിനുള്ള കാരണങ്ങൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇതിനകം സ്വകാര്യ വ്യക്തിയിൽനിന്നും സ്ഥലം സറണ്ടർചെയ്ത് കിട്ടിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ടി വിഷയം സംബന്ധിച്ച് നല്കിയ ഓഡിററ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള, ഓട നിർമ്മാണം നടത്തിയ സ്ഥലം സറണ്ടർ ചെയ്തു ലഭിക്കുന്നതുവരെ ടി പ്രവർത്തിയുടെ ചെലവ് തുക 4,72,657/-രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

**ഓഡിററ് എൻക്വയറി നം-10/17-18, 4-12-18**

## 3-3 കശുമാവിൻ ഗ്രാഫ്റ്റ് വിതരണം - പൂർണ്ണമായി ലഭ്യമാക്കി വിതരണം ചെയ്തില്ല.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷിഓഫീസർ |
| പ്രോജക്റ്റ് നം | 106/18 |
| അടങ്കൽ തുക | 1,00,000/-<br>(വികസനഫണ്ട്ജനറൽ) |
| ചെലവഴിച്ച തുക | 90,000/-<br>(ബിൽ നം 6/12-1-18, 87,500/-<br>ബിൽ നം 17/31-3-18, 2,500/-) |

ചവറ ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുൾപ്പെടുന്ന 5 പഞ്ചായത്തുകളിലെയും കശുമാവ് കൃഷി ചെയ്യാൻ സാധ്യതയുള്ള സ്ഥലങ്ങൾ കണ്ടെത്തി (സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങൾ കർഷക/കുടുംബശ്രീ ഗ്രൂപ്പുകൾ മുതലായവ ഉൾപ്പെടെയുള്ളവ) മേൽത്തരം തൈകൾ വിതരണം ചെയ്ത് കശുമാവ്കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായാണ് മേൽ പദ്ധതി നടപ്പിലാക്കിയത്. മേൽ പദ്ധതി വഴി 35/- രൂപ നിരക്കിൽ 2500 കശുമാവിൻ ഗ്രാഫ്റ്റുകൾ വാങ്ങുന്നതിനായി 87,500/-രൂപ കാഷ്യൂ ഡെവലപ്പ്മെന്റ് കോർപ്പറേഷനിൽ ഒടുക്കവരുത്തിയിട്ടുണ്ടെങ്കിലും 800 കശുമാവിൻ തൈകൾ മാത്രമാണ് ലഭ്യമാക്കി വിതരണം ചെയ്തിട്ടുള്ളത്. ശേഷിക്കുന്ന 1,700 തൈകൾ ലഭ്യമാക്കുന്നതിന്റെ വിവരം അന്വേഷിച്ച് കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് കശുമാവിൻ തൈകൾ ഉടൻ തന്നെ ലഭ്യമാക്കി വിതരണം ചെയ്യുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 1700തൈകൾ വിതരണം ചെയ്യാനവശേഷിക്കുന്നതിനാൽ മേൽ തൈകൾ വാങ്ങുന്നതിന് വേണ്ടി വിനിയോഗിച്ച 59,500/-രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. തൈകൾ ലഭ്യമാക്കി വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം 6/3-12-18,**

**തടസ്സപ്പെടുത്തുന്ന തുക-59,500/-**

## 3-4 ക്ഷീരസംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ക്ഷീര വികസനഓഫീസർ |
| പ്രോജക്റ്റ് നം | 64/18 |
| അടങ്കൽ തുക | 45,00,000/-<br>(വികസനഫണ്ട് ജനറൽ) |
| | |

| | |
|---|---|
| ചെലവഴിച്ച തുക | 42,75,000/-<br>(ബിൽ നം 1./23-9-17, 10,50,000/-<br>ബിൽ നം 2/23-9-17, 10,00,000/-<br>ബിൽ നം 4/20-10-17, 11,00,000/-<br>ബിൽ നം 7/9-2-18, 6,50,000/-,<br>ബിൽ നം 9/21-3-18, 4,00,000/-<br>ബിൽ നം 10/21-3-18, 50,000/-<br>ബിൽ നം 11/24-3-18, 25,000/-) |

മേൽ പദ്ധതി വഴി ചവറ ബ്ലോക്കിന്റെ പരിധിയിലുള്ള 5 ഗ്രാമപഞ്ചായത്തുകൾക്ക് അവയുടെ പദ്ധതിയുടെ അടിസ്ഥാനത്തിൽ പാലിന് സബ്സിഡി നല്കുന്നതിനുള്ള ബ്ലോക്ക് വിഹിതമായി തുകകൾ നല്കിയിട്ടുണ്ട്. എന്നാൽ ചുവടെ ചേർക്കുന്ന പഞ്ചായത്തുകൾ ഇതുവരെ കൈപ്പറ്റിയ തുകകളുടെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | ഗ്രാമ പഞ്ചായത്തിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|---|
| 1. | തെക്കുംഭാഗം ഗ്രാമ പഞ്ചായത്ത് | 6,00,000/- |
| 2. | തേവലക്കര ഗ്രാമ പഞ്ചായത്ത് | 14,00,000/- |
| 3. | ചവറ ഗ്രാമ പഞ്ചായത്ത് | 10,00,000/- |
| 4. | നീണ്ടകര ഗ്രാമ പഞ്ചായത്ത് | 1,00,000/- |
| | **ആകെ** | 31,00,000/- |

വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ മേൽ പഞ്ചായത്തുകൾക്ക് നല്കിയ ബ്ലോക്ക് വിഹിതമായ 31,00,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. മേൽ വിഷയം സൂചിപ്പിച്ചു കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

**ഓഡിറ്റ് എൻക്വയറി നം8/4-12-18**

**തടസ്സപ്പെടുത്തുന്ന തുക -31,00,000/-**

# 3-5 ക്ഷീരകർഷകർക്ക് കൈത്താങ്ങ് -ക്ഷീരസമൃദ്ധി-പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ക്ഷീര വികസന ഓഫീസർ |
| പ്രോജക്റ്റ് നം | 121/18 |
| അടങ്കൽ തുക | 26,00,000/-<br>(വികസനഫണ്ട് ജനറൽ) |
| ചെലവഴിച്ച തുക | 26,00,000/-<br>(ബിൽ നം 5/24-1-18, 12,00,000/-<br>ബിൽ നം 6/24-1-18, 6,00,000/-<br>ബിൽ നം 8/12-3-18, 8,00,000/- |

5 ക്ഷീരകർഷകർ വീതം അടങ്ങിയ ഗ്രൂപ്പിന് റിവോൾവിംഗ് ഫണ്ട് നല്കി ക്ഷീരോൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് വേണ്ടിയാണ് മേൽ പദ്ധതി ആവിഷ്കരിച്ചത്. ചവറ ബ്ലോക്ക് പഞ്ചായത്ത് അംഗീകരിച്ച ക്ഷീര സംഘങ്ങളിലെ സെക്രട്ടറിമാരുമായി നിർവ്വഹണോദ്യോഗസ്ഥൻ കരാറിലേർപ്പെട്ട് ജോയിന്റ് അക്കൗണ്ട് തുടങ്ങുന്നു. ഒരു കർഷകന് 40,000/-രൂപ നിരക്കിൽ 5 പേരടങ്ങുന്ന ക്ഷീരകർഷക ഗ്രൂപ്പിന് 2,00,000/-രൂപ വീതം ജോയിന്റ് അക്കൗണ്ടിൽ നിക്ഷേപിക്കുന്നു. ഗ്രാമസഭാലിസ്റ്റിലുൾപ്പെട്ട അർഹരായ കർഷകർ ക്ഷീരസംഘങ്ങളുമായി കരാറിലേർപ്പെട്ട് പശുവിനെ വാങ്ങി ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ സമർപ്പിക്കുന്ന മുറയ്ക്ക് റിവോൾവിംഗ് ഫണ്ട് തുക ഗുണഭോക്താവിന് നല്കുന്നു. ടി ഗുണഭോക്താക്കളിൽ നന്നും ക്ഷീരസംഘത്തിൽ പാലളക്കുന്നതിന്റെ വിലയിൽ നിന്നും 20 തുല്യ ഗഡുക്കളായി മേൽ തുക ഈടാക്കി ജോയിന്റ് അക്കൗണ്ടിൽ നിക്ഷേപിച്ച് ഈ തുക 40,000/- ആകുന്ന മുറയ്ക്ക് അടുത്ത കർഷകന് നല്കി പദ്ധതി തുടരുന്ന രീതിയിലാണ് പദ്ധതി ആവിഷ്കരിച്ചിരുന്നത്. മേൽ പദ്ധതിയുടെ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1)സബ്സിഡി മാർഗ്ഗരേഖ Go(ms)80/17 LSGD 3.4.17)ഖണ്ഡിക 6.1-1 ൽ ഗ്രൂപ്പ് സംരംഭങ്ങളിൽ കുറഞ്ഞത് 5 വ്യക്തികളെങ്കിലും ഉണ്ടായിരിക്കണം എന്ന് വ്യക്തമാക്കുന്നുണ്ട്. മേൽപദ്ധതി വഴി ബ്ലോക്ക് പഞ്ചായത്ത് അംഗീകരിച്ച 13 ക്ഷീര സംഘങ്ങളിലെ 5 പേരടങ്ങിയ ഗ്രൂപ്പുകൾക്ക് 2,00,000/-രൂപ വീതം നല്കുന്നതിനായി 26,00,000/-രൂപ പിൻവലിച്ച് 13 ക്ഷീരസംഘങ്ങൾക്കായി നല്കിയിട്ടുണ്ട്. എന്നാൽ 2,00,000/-രൂപ വീതം കൈപ്പറ്റിയ അരിനല്ലൂർ സൗത്ത് ക്ഷീര സഹകരണ സംഘം, തെക്കുംഭാഗം ക്ഷീരസംഘം എന്നിവയിൽ 4ക്ഷീരകർഷകർ വീതം പശുവിനെ വാങ്ങി ഇൻഷ്വർ ചെയ്തതിന്റെ രേഖകളാണ് ഹാജരാക്കിയിട്ടുള്ളത്. എന്നാൽ ടി ക്ഷീരസംഘങ്ങൾക്ക് 1,60,000/-രൂപ വീതം നല്കുന്നതിന് പകരം 2,00,000/- രൂപ വീതം നല്കിയിരിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്ഷീരസംഘത്തിന്റെ പേര് | ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ പേര് വിവരം | ഗ്രൂപ്പിന് ആകെ നല്കേണ്ടിയിരുന്ന തുക | ആകെ നല്കിയ തുക | അധികമായി നല്കിയ തുക |
|---|---|---|---|---|
| അരിനല്ലൂർ ക്ഷീര സംഘം | 1.തങ്കമണി, കൊല്ലച്ചേഴത്ത് കിഴക്കതിൽ,<br>2.ഷെമീന, കോട്ടൂർ വീട്,<br>3.സാജിദ,വള്ളിവിളയിൽ, മുള്ളിക്കാല,<br>4.ശശികുമാരി, അരുണഭവനം | 1,60,000/-<br>(4x40,000) | 2,00,000/- | 40,000/- |
| തെക്കുംഭാഗം ക്ഷീരസംഘം | 1.ശ്രീദേവി,ശ്രീഭവനം വടക്കുംഭാഗം<br>2.ഈശ്വരിയമ്മ,ഷീജാഭവനം, മാലിഭാഗം<br>3.അംബികപിള്ള,ആതിരാഭവനം, വടക്കുംഭാഗം<br>4.രത്നമ്മ,വിശ്വഭവനം | 1,60,000/-<br>(4x40,000) | 2,00,000/- | 40,000/- |

അധികമായി നല്കിയ 80,000/- രൂപ മേൽ ക്ഷീരസംഘങ്ങളിൽ നിന്നും തിരികെ ഈടാക്കി വികസനഫണ്ടിൽ ഒടുക്കു വരുത്തി വിവരം അറിയിക്കേണ്ടതാണ്.അല്ലാത്തപക്ഷം നിർവ്വഹണോദ്യോഗസ്ഥന്റെ ബാധ്യതയായി മാറുന്നതാണ്.മേൽ വിഷയങ്ങൾ ചൂണ്ടിക്കാണിച്ചു കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

**ഓഡിറ്റ് എൻക്വയറി നം 8/4-12-18.**

**തടസ്സപ്പെടുത്തുന്ന തുക-80,000/-**

2.കൂടാതെ റിവോൾവിംഗ് ഫണ്ട് തുകകൾ കർഷകർ ജോയിന്റ് അക്കൗണ്ടിലേക്ക് തിരിച്ചടവാക്കി തുടങ്ങിയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. റിവോൾവിംഗ് ഫണ്ട് തിരിച്ചടച്ചതിന്റെ രേഖകൾ ഹാജരാക്കേണ്ടതും പദ്ധതിയുടെ തുടർ മോണിറ്ററിംഗ് നടത്തേണ്ടതുമാണ്.

# 3-6 പച്ചക്കറി ഉൽപ്പാദനത്തിന് സ്ഥിരം സംവിധാനം-പദ്ധതി അവലോകനം

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്റ്റ് നം | 120/18 പച്ചക്കറിതൈ ഉൽപ്പാദന വിതരണത്തിന് സ്ഥിരം സംവിധാനം |
| അടങ്കൽ തുക | 6,00,000/-<br>(വികസനഫണ്ട് ജനറൽ) |
| ചെലവഴിച്ച തുക | 4,79,320/-<br>(ബിൽ നം9/28-2-18, 3,00,000/-<br>ബിൽ നം 12/21-3-18, 1,75,320/-,<br>ബിൽ നം 18/31-3-18, 4,000/-) |

മേൽ പദ്ധതി വഴി മഴമറ നിർമ്മാണത്തിനും തൈ ഉൽപ്പാദനത്തിന് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുമായാണ് തുക ചെലവഴിച്ചിരിക്കുന്നത്. മാർഗ്ഗ രേഖകൾ പ്രകാരം മഴമറ നിർമ്മിക്കുന്നതിന് ഗ്രാമ/നഗര ഭരണസ്ഥാപനങ്ങൾക്ക് പദ്ധതി ഏറ്റെടുക്കാമെന്നും ബ്ലോക്ക് ജില്ലാപഞ്ചായത്തുകൾക്ക് പ്രോജക്ടിൽ പങ്കാളിയാകാം എന്നുമാണ് വ്യക്തമാക്കിയിരിക്കുന്നത്. എന്നാൽ ചവറ ബ്ലോക്ക് പഞ്ചായത്ത് മേൽ പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കിയിരിക്കുകയാണ്. മേൽ പദ്ധതിവഴി ചവറ പഞ്ചായത്ത്, തെക്കുംഭാഗം പഞ്ചായത്ത്, പന്മന പഞ്ചായത്ത്, നീണ്ടകര പഞ്ചായത്ത് എന്നിവയിൽ 100 ച.മീ മഴമറ നിർമ്മാണത്തിന് 1,00,000/- രൂപ വീതം (100% സബ്സിഡിയിൽ RAIDCO യെ ക്കൊണ്ട് നിർമ്മാണം നടത്തിയിരിക്കുന്നു.) 4,00,000/-രൂപയും 4 പഞ്ചായത്തുകളിലും അനുബന്ധ സാധനങ്ങൾക്കായി 18,830/-രൂപ വീതം 75,320/-രൂപയും ചെലവഴിച്ചിട്ടുണ്ട്. മാർഗ്ഗരേഖപ്രകാരം ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഏറ്റെടുത്ത് നടപ്പിലാക്കാൻ പാടില്ലാത്ത പദ്ധതി നടപ്പിലാക്കിയത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിലഭ്യമാക്കിയിട്ടുണ്ട്. ചവറബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ പച്ചക്കറിയുല്പാദനത്തിന് സ്വയം പര്യാപ്തമാക്കുക എന്ന ലക്ഷ്യത്തോടെ നൂതന പ്രോജക്റ്റ് ആയാണ് ഈ പദ്ധതി ഏറ്റെടുത്തതെന്നാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. സാധാരണ മഴമറകൾ പച്ചക്കറികൃഷി ചെയ്യുന്നതിന് വേണ്ടിയാണെന്നും ഈ പ്രോജക്റ്റ് ഓരോ പ്രദേശത്തും ആവശ്യമായ പച്ചക്കറി തൈ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് വേണ്ടിയാണെന്നും മറുപടി നല്കിയിട്ടുണ്ട്. നൂതന പ്രോജക്റ്റ് ഏറ്റെടുക്കുന്നതിന് ജില്ലാകളക്ടറുടെ അനുമതി ലഭിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ അനുമതി സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

ബ്ലോക്ക് പഞ്ചായത്തിൽ മേൽ പദ്ധതി നടപ്പിലാക്കാൻ പൊതുസ്ഥലം ലഭ്യമാകാഞ്ഞതിനാൽ സ്വകാര്യ വ്യക്തികളുമായി 5 വർഷത്തേക്ക് കരാറിലേർപ്പെട്ട് ടി വ്യക്തികളുടെ സ്ഥലത്താണ് മഴമറയുൾപ്പെടെയുള്ളവ നിർമ്മിച്ചിരിക്കുന്നത്. സ്വകാര്യ

വ്യക്തികളുടെ സ്ഥലത്ത് നിർമ്മിച്ചിരിക്കുന്നതിനാൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും തുടർ മോണിറ്ററിംഗ് നടത്തേണ്ടതും പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

## 3-7 കൃഷി അസി.ഡയറക്ടർ നിർവ്വഹണോദ്യോഗസ്ഥനായ പദ്ധതികളുടെ സ്ഥലപരിശോധന സംബന്ധിച്ച്.

കൃഷിഅസി.ഡയറക്ടർ നിർവ്വഹണോദ്യോഗസ്ഥനായ പദ്ധതികളുടെ സ്ഥലപരിശോധന സംബന്ധിച്ച്.

| പ്രോജക്റ്റിന്റെ പേര് | പരിശോധന നടത്തിയ സ്ഥലം | സ്ഥലപരിശോധനാ റിപ്പോർട്ട്. |
|---|---|---|
| പച്ചക്കറിയുൽപ്പാദനത്തിന് സ്ഥിരം സംവിധാനം | തെക്കുംഭാഗം ഗ്രാമപഞ്ചായത്ത് | നല്ല രീതിയിൽ തൈഉൽപ്പാദനം നടത്തുന്നു. |
| | ചവറ കോട്ടയ്ക്കകം | തൈ ഉൽപ്പാദനം ആരംഭിച്ചു |
| | നീണ്ടകര | ഉദ്ഘാടനം നടത്തിയെങ്കിലും തൈ ഉൽപ്പാദനം ആരംഭിച്ചിട്ടില്ല. ഉടൻ പ്രവർത്തനം ആരംഭിക്കുന്നതാണെന്ന് നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. |
| പ്രാദേശിക വിപണി | നീണ്ടകര | നിർമ്മാണ പ്രവർത്തികൾ പൂർത്തിയാക്കിയെങ്കിലും പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഉടൻ പ്രവർത്തനം ആരംഭിക്കുന്നതാണെന്ന് നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. |

മേൽ സംരംഭങ്ങൾ നല്ല രീതിയിൽ പ്രവർത്തിപ്പിക്കേണ്ടതും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും തുടർ മോണിറ്ററിംഗ് നടത്തേണ്ടതുമാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| തേവലക്കര ഗ്രാമ പഞ്ചായത്ത് | 2017-18 | 70,000 | ഐ.എ.വൈ (എസ്.സി) | 70,000 | - |
| തെക്കുംഭാഗം ഗ്രാമ പഞ്ചായത്ത് | 2017-18 | 45,000 | ഐ.എ.വൈ (എസ്.സി) | 45,000 | - |

| | | | | | |
|---|---|---|---|---|---|
| ചവറ ഗ്രാമ പഞ്ചായത്ത് | 2017-18 | 1,65,000 | ഐ.എ.വൈ (ജനറൽ) | 1,00,000 | 65,000 |
| തേവലക്കര ഗ്രാമ പഞ്ചായത്ത് | 2017-18 | 3,50,000 | ഐ.എ.വൈ (ജനറൽ) | 2,80,000 | 70,000 |
| തെക്കുംഭാഗം ഗ്രാമ പഞ്ചായത്ത് | 2017-18 | 60,000 | ഐ.എ.വൈ (ജനറൽ) | 60,000 | - |
| തേവലക്കര ഗ്രാമ പഞ്ചായത്ത് | 2017-18 | 7,00,000 | പ്രോജക്ട് നം.81/17-18 | 7,00,000 | - |
| ജില്ലാ പഞ്ചായത്ത് | 2017-18 | 49,94,798 | പി.എം.എ.വൈ. | 49,94,798 | - |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തി യുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | ഇല്ല. | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

| ഓഡിററ് വർഷം | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 1997-98 | 2001-02 | 1-11-(1) | വനിതകൾക്ക് തയ്യൽ മെഷീൻ വിതരണം | അക്കൗണ്ട് കമ്മറ്റിയുടെ പരിഗണനയിൽ |
| | 2001-02 | 1-11-(2) | സ്വകാര്യ നേഴ്സറി- അനധികൃതമായി തുക നൽകി | ടി |
| | 2001-02 | 1-11-(3) | തയ്യൽ യൂണീറ്റുകൾക്ക് അനധികൃതമായി തുക നൽകി | ടി |
| | 2001-02 | 1-11-(4) | പഠനോപകരണങ്ങൾ വിതരണം നിബന്ധനകൾ പാലിച്ചില്ല. | ടി |
| | 2001-02 | 1-11-(5) | ഒരേ വ്യക്തിക്ക് ഒന്നിലധികം പ്രോജക്ടുകളും അഡ്വാൻസുകളും അനുവദിച്ചു. | ടി |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 9,54,18,013 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 8,27,01,068 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 2,385/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 37,12,157/- |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 2,385/- | ശ്രീമതി.ശിഖാ രവി, അസി.എഞ്ചിനീയർ |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 472,657/- | ശ്രീമതി.ശിഖാ രവി, അസി.എക്സിക്യൂട്ടീവ്എഞ്ചിനീയർ |
| 3-3 | 59,500/- | ശ്രീമതി.തേജാഭായി, കൃഷി ഓഫീസർ |
| 3-4 | 31,00,000/- | ശ്രീമതി.തേജാഭായി, കൃഷി ഓഫീസർ |
| 3-5 | 80,000/- | ശ്രീമതി.തേജാഭായി, കൃഷി ഓഫീസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം-ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| **പേരും ഉദ്യോഗപ്പേരും** | **ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിഗ മേൽവിലാസം** | **സ്ഥിരം മേൽവിലാസം** |
|---|---|---|
| ശ്രീമതി.ശിഖാ രവി | അസി.എഞ്ചിനീയർ | കുട്ടിക്കത്തുവിള, കരുനാഗപ്പള്ളി |
| ശ്രീമതി.തേജസ്വീഭായി | കൃഷി ഓഫീസർ | വിജയഭവനം, വാളത്തുങ്കൽ.പി.ഒ കൊല്ലം |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | കെ.എസ്.എ.-കെ.എൽ.എം./ പി2/107/18(1)/തീ.3.3.18 | 4 |
| 1999-00 | - | - |
| 2000-01 മുതൽ 2005-06 | കെ.എസ്.എ.-കെ.എൽ.എം./ പി2/107/18(3)/3.3.18 | 6 |
| 2007-08 | എൽ.എഫ്.ക്യു./ഡി.ബി/468/15 തീ.12.05.15 | 1 |
| 2008-09 | എൽ.എഫ്.ക്യു./ഡി.ബി/2599/14 തീ.16.02.15 | 1 |
| 2009-10 | എൽ.എഫ്.ക്യു./ഡി.ബി/1542(2)/14, തീ.10.7.14 | 1 |
| 2010-11 & 2011-12 | എൽ.എഫ്.ക്യു./ഡി.ബി/639/15 തീ.12.05.15 | 5 |
| 2012-13 & 2013-14 | കെ.എസ്.എ.-കെ.എൽ.എം./ ഡി.ബി1/1758/15/5.2.16 | 13 |
| 2014-15 | കെ.എസ്.എ.-കെ.എൽ.എം./ ഡി.ബി/1691/17/2.6.17 | 7 |
| 2015-16 | കെ.എസ്.എ.-കെ.എൽ.എം./ പി2/454/17/14.4.18 | 19 |
| 2016-17 | കെ.എസ്.എ.-കെ.എൽ.എം./പി2/- 1937 /17 / 23.05.2018 | 10 |

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.കെ.എൽ.എം.പി2/83/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ: 0474-2740141

E-mail:doklm.ksad@kerala.gov.in

തീയതി- 1.04.2019

## ഓഡിറ്റ് സാക്ഷ്യപത്രം 2017-18

1994-ലെ കേരളലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4- ാംവകുപ്പും,1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാംവകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും **ചവറ ബ്ലോക്ക്പഞ്ചായത്തിന്റെ** 2017-18ലെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

റിപ്പോർട്ടിൽ പറയുന്ന ന്യൂനതകൾ ഒഴിച്ചുനിർത്തിയാൽ എന്റെ അഭിപ്രായത്തിൽ വാർഷികധനകാര്യ പത്രിക **ചവറ ബ്ലോക്ക് പഞ്ചായത്തിന്റെ** 2017-18ലെ വരവ്-ചെലവുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു. ഇത് തയ്യാറാക്കിയത് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-വകുപ്പും ജൂൺ 12ലെ ജി.ഒ.(പി). 319/2003/ ഫിൻ നമ്പർ സർക്കാർ ഉത്തരവും അനുസരിച്ചാണ്.

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

# അനുബന്ധം-2 സംക്ഷിപ്തം (Audited Abstract)

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം